**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **22-02-2022 - ൽ മറുപടിയ്ക്ക്**

**സ്പേസ് പാർക്കിലെ നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,**<br>**ശ്രീ . ഷാഫി പറമ്പിൽ ,**<br>**ശ്രീ . സണ്ണി ജോസഫ് ,**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ആൾക്ക് സ്പേസ് പാർക്കിൽ ജോലി നൽകിയതിന്റെ കാരണം വിശദീകരിക്കാമോ; | (എ) | സ്പേസ് പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ M/s പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനോട് റിസോഴ്സ് പേഴ്സണെ തെരഞ്ഞെടുത്ത് നൽകുവാൻ കേരള സ്റ്റേറ്റ് എെ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് വർക്ക് ഓഡർ നൽകിയത് പ്രകാരം പ്രസ്തുത കൺസൾട്ടന്റ് ലഭ്യമാക്കിയ റിസോഴ്സ് പേഴ്സണെയാണ് സ്പേസ് പാർക്കിൽ നിയമിച്ചത്. |
| (ബി) | കെ.എസ്.ഐ.ടി.എൽ. ന് കീഴിൽ സ്പേസ് പാർക്കിൽ നിയമിക്കുന്നതിനായി എല്ലാ നടപടികളും സ്വീകരിച്ചതും തന്റെ പ്രൊഫൈലിൽ വ്യത്യാസം വരുത്തിയതും മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയാണ് എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്പേസ് പാർക്ക് പ്രോജക്ടിൽ ജൂനിയർ കൺസൾട്ടന്റായി ജോലി നേടി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. |
| (സി) | അടിസ്ഥാനയോഗ്യത ഇല്ലാത്ത ഒരാൾക്ക് സ്പേസ് പാർക്ക് പ്രോജക്ടിൽ ജോലി നൽകുന്നതിനായി ഇടപെട്ടു എന്ന മേൽവെളിപ്പെടുത്തലിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ? | (സി) | വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്പേസ് പാർക്ക് പ്രോജക്ടിൽ ജൂനിയർ കൺസൾട്ടന്റായി ജോലി നേടി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ